പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3645 19-02-2013 -ൽ മറുപടിക്ക്.

## മദ്യ ഉപഭോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്:<br>" ഷാഫി പറമ്പിൽ:<br>" എം. പി. വിൻസെന്റ്:<br>" ലൂഡി ലൂയിസ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യത്തിന്റെ ഉപഭോഗം കുറച്ചു കൊണ്ടുവരുന്നതിനായി ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെ ല്ലാമാണെന്നു വെളിപ്പെടുത്തു മോ; | (എ) ഉണ്ട്. മദ്യത്തിൽ നിന്നുള്ള വരുമാനം ഒരു മുഖ്യ വരുമാന സ്രോതസ്സായി കാണാതെ, ബോധവൽക്ക രണത്തിലൂന്നി, ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ വെട്ടിക്കുറയ്ക്കുകയും, ബാർ ലൈസൻസുകൾ നല്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. മദ്യ / ലഹരി വിപത്തി നെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്ത നങ്ങൾ നടത്തി വരുന്നു. |
| (ബി) മദ്യോപഭോഗം കുറച്ചു കൊണ്ടു വരുന്നതിനുള്ള നടപടികൾക്ക് എക്സൈസ് വകുപ്പിന് പൊതുജന ങ്ങളിൽ നിന്നു സഹകരണം ലഭിക്കുന്നുണ്ടോ; | (ബി) മദ്യോപഭോഗം കുറച്ചു കൊണ്ടു വരുന്നതിനായി, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ, ജാഥകൾ, റാലികൾ, കൂട്ടഓട്ടം എന്നിവ നടത്തി വരുന്നു. ഇക്കാര്യത്തിൽ, പൊതുജനങ്ങളിൽ നിന്ന് നല്ല സഹകരണമാണ് ലഭിച്ചു വരുന്നത്. |
| (സി) മദ്യത്തിന്റെ ലഭ്യത കുറച്ചു കൊണ്ടു വരുന്നതിനുള്ള നടപടി കൾ സ്വീകരിക്കണമെന്ന ആവ ശ്യം സർക്കാരിന്റെ കർമ്മ പരിപാ ടികളിൽ ഉൾപ്പെടുത്തി ഈ ദിശയിലേയ്ക്കുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (സി) ത്വരിതപ്പെടുത്തുന്നതാണ്. സർക്കാർ പ്രഖ്യാപിച്ച കേരളത്തിന്റെ "വികസനവും കരുതലും" എന്ന ലക്ഷ്യത്തിലേക്കുള്ള "സപ്തധാരാ" പദ്ധതികളിലെ 'നിർഭയ' പദ്ധതിയിൽ, "മദ്യാസക്തിക്കെതിരെ വിപുല മായ പ്രചാരണം നടത്തും" എന്ന പദ്ധതിയുടെ ഭാഗമായി, മദ്യാസക്തിക്കും മയക്കുമരുന്നിനുമെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ